## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.797. 25/01/2018-ൽ മറുപടിയ്ക്ക്

### പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>,, വി.പി.സജീന്ദ്രൻ<br>,, വി.ടി.ബൽറാം<br>,, അനൂപ് ജേക്കബ് : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | കോടിക്കണക്കിന് രൂപ വിവിധ പദ്ധതികൾ മുഖേന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സർക്കാരുകൾ ചെലവഴിച്ച വെങ്കിലും അവരുടെ ജീവിത നിലവാരം പരിതാപകരമായി തുടരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) | പട്ടികവർഗ്ഗക്കാരിൽ ചില സമുദായങ്ങളുടെ ജീവിത നിലവാരം പൊതുസമൂഹത്തിന്റെ നിലവാരത്തേക്കാൾ വളരെ പിറകിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവിത ശൈലി, തൊഴിലില്ലായ്മ, ദുർഘട പ്രദേശങ്ങളിലെ താമസം, പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ, എന്നിവ വികസനപ്രവർത്തനങ്ങളിൽ ഇപ്പോഴും വിഘാതം സൃഷ്ടിക്കുന്നുണ്ട്. ഇവ തരണം ചെയ്യുന്നതിനുള്ള പദ്ധതികൾ അതീവ ജാഗ്രതയോടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വ്യാപകമായ വിദ്യാഭ്യാസപ്രവർത്തനത്തിലൂടെയും നൈപുണ്യ വികസനത്തിലൂടെയും തൊഴിൽ നേടുവാൻ പ്രാപ്തരാക്കിയും കാർഷികമേഖലയിൽ മെച്ചപ്പെട്ട ഇടപെടൽ നടത്തിയും ഇവരുടെ ജീവിതനിലവാരം ഉയർത്തികൊണ്ടുവരുവാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുമായി ഊരുകളിൽ സാമൂഹിക പഠനമുറി, പട്ടികവർഗ്ഗക്കാർ ഏറ്റവും കൂടുതലുള്ള വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി 241 സർക്കാർ /എയ്ഡഡ് സ്കൂളുകളിൽ ടിടിസി/ ബി.എഡ് / ഡി.എഡ് പാസായ പട്ടികവർഗ്ഗക്കാരെ അദ്ധ്യാപകരായി നിയമിക്കുന്ന 'ഗോത്രബന്ധു' പദ്ധതി, അംബേദ്ക്കർ സെറ്റിൽമെന്റ് |

| | | | |
|---|---|---|---|
| | | | ഡെവലപ്മെന്റ് സ്കീം, പട്ടികവർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസവും ആരോഗ്യവും ഉറപ്പു വരുത്തുന്നതിനായി പൊതുമേഖലാ ഇൻഷുറൻസ് കമ്പനിയായ എൽ.ഐ.സി.യുമായി സഹകരിച്ച് ഗോത്ര വാത്സല്യനിധി, തെരഞ്ഞെടുക്കപ്പെട്ട പട്ടിക വർഗ്ഗ സങ്കേതങ്ങളിൽ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക, പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി, എല്ലാ പട്ടികവർഗ്ഗ ക്കാർക്കും ആധുനിക വൈദ്യസഹായം എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി മൊബൈൽ മെഡിക്കൽ ക്ലിനിക്കുകൾ, വിവിധ ജില്ലകളിലെ പട്ടികവർഗ്ഗ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനായി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, KIIFB മുഖേന വിവിധ ജില്ലകളിൽ എം.ആർ.എസ്സ്/ ഹോസ്റ്റലുകളുടെ നിർമ്മാണം.<br><br>കൂടാതെ വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്ര പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| **(സി)** | കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കി യെങ്കിലും ആദിവാസികൾ ക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും സാധിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അട്ടപ്പാടിയിലെ ശിശുമരണം കുറയ്ക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | **(സി)** | അട്ടപ്പാടി മേഖലയിൽ കമ്മ്യൂണിറ്റി കിച്ചൻ നടപ്പിലാക്കിയതുകാരണം ആദിവാസികൾക്കിടയിലെ പോഷകാഹാരകുറവ് ഒരു പരിധിവരെ പരിഹരിക്കുന്നതിനും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ടെന്ന് 2013- ന് ശേഷമുള്ള ശിശുമരണ നിരക്ക് വ്യക്തമാക്കുന്നുണ്ട്. 2013-ൽ അട്ടപ്പാടി മേഖലയിലെ പട്ടികവർഗ്ഗ ശിശുമരണം 31 കുഞ്ഞുങ്ങൾ ആയിരുന്ന സ്ഥാനത്ത് 2017 - ൽ 14 ആയി കുറയ്ക്കാൻ സാധിച്ചു. ആദിവാസി ശിശു മരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനു മായി പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം എന്നിവ അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നടത്തി വരുന്നു. കൂടാതെ പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ - അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റ്, 24 മണിക്കൂർ കാഷ്വാലിറ്റി - ലാബ്, മരുന്ന് വിതരണ സംവിധാനങ്ങൾ, ഐ.സി.യു സംവിധാനം, സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ടി. ആശുപത്രിയിൽ നടത്തിവരുന്നു. ഇതിനുപുറമേ മൂന്ന് ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്. |
| **(ഡി)** | ആദിവാസി ഊരുകളിലെ | **(ഡി)** | പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന ഊരുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം |

| | | | |
|---|---|---|---|
| | അടിസ്ഥാന സൗകര്യവികസനത്തിന് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കമോ? | • | പ്രധാനമായും, ഹാംലെറ്റ് വികസന പദ്ധതി, ട്രൈബൽ റീ ഹാബിലിറ്റേഷൻ ആന്റ് ഡവലപ്പ്മെന്റ് മിഷൻ, അഡീഷണൽ ട്രൈബൽ സബ് പ്ലാൻ (എ.റ്റി.എസ്.പി) സമഗ്ര വികസന പദ്ധതി, നബാർഡ് (RIDF), കോർപ്പസ് ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ